## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി.കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം 2025-അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1) ജി.ഒ(പി) നം.03/2017/പി &എ ആർ.ഡി തീയതി:25/02/2017
2) വനിതാ ശിശുവികസന ഡയറക്ടറുടെ 01/02/2025 തീയതിയിലെ DWCD/86/2024-E1 നമ്പർ പരിപത്രം
3) വനിതാ ശിശുവികസന ഡയറക്ടറുടെ 13/02/2025 തീയതിയിലെ DWCD/86/2024-E1 നമ്പർ പരിപത്രം
4) വനിതാ ശിശുവികസന ഡയറക്ടറുടെ 20/02/2025 തീയതിയിലെ DWCD/86/2024-E1 നമ്പർ പരിപത്രം
5) വനിതാ ശിശുവികസന ഡയറക്ടറുടെ 19/07/2025 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

### ഉത്തരവ് നം. DWCD/1644/2025-E7 തീയതി: 02-08-2025

വനിതാ ശിശുവികസന വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും 2025 ലെ പൊതു സ്ഥലംമാറ്റത്തിനായി പരാമർശം (2),(3),(4) പ്രകാരമുള്ള വിജ്ഞാപനത്തിന്റേയും മാർഗ്ഗനിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ഡ്രൈവർ തസ്തികയിലെ ജീവനക്കാരിൽ നിന്നും ഓൺലൈൻ മുഖേന ലഭ്യമായ അപേക്ഷകൾ പരിഗണിച്ച് സ്ഥലംമാറ്റം നൽകുന്നതിനായി ഉത്തരവിന്റെ കരട് രൂപം പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.കരട് ഉത്തരവിൻമേൽ ലഭിച്ച ആക്ഷേപങ്ങൾ /പരാതികൾ കൂടി അർഹതാ മാനദണ്ഡ പ്രകാരം പരിഗണിച്ച് ചുവടെ പറയും പ്രകാരം ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലം മാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ രതീഷ് സി<br>ജില്ലാ തല ഐ.സി.ഡി.എസ് സെൽ,തിരുവനന്തപുരം | ഐ.സി.ഡി.എസ് കിളിമാനൂർ | അപേക്ഷ |
| 2 | ശ്രീ ഷിനുലാൽ ജി<br>ഐ.സി.ഡി.എസ് കിളിമാനൂർ | ജില്ലാ തല ഐ.സി.ഡി.എസ് സെൽ,തിരുവനന്തപുരം | ഭരണപരം |

സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ /പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത യാത്രബത്തയ്ക്കും പ്രവേശനകാലത്തിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

HARITHA V KUMAR IAS

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2) സൂപ്രണ്ട്-ഐ.റ്റി.സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

Signed by
Chithra T സൂപ്രണ്ട്
Date: 02-08-2025 14:16:48